"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്-സൈനിക സേവനത്തിലിരിക്കെ മരണപ്പെട്ട പി.എൻ.രാധാകൃഷ്ണന്റെ ഭാര്യ ശ്രീമതി രശ്മി എസ്-ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 2221/2023 നമ്പർ കേസിന്മേലുള്ള 21.03.2024 ലെ വിധിന്യായം പാലിച്ച് തൊഴിൽ സഹായം നൽകി ഉത്തരവാകുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.9/2024/SWD തീയതി,തിരുവനന്തപുരം, 05-07-2024

---

പരാമർശം:-

1. 29.04.2002 ലെ സ.ഉ(പി).110/2002/പൊ.ഭ.വ ഉത്തരവ്.
2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 20.01.2022 ലെ സി2/3599/2019-ഡി.എസ്.ഡബ്ല്യ നമ്പർ കത്ത്.
3. കമാൻഡന്റ് രാകേഷ് ശർമ്മയുടെ 25.01.2022 ലെ 1522/2/A നമ്പർ കത്ത്.
4. 13.11.2023 ലെ സ.ഉ(സാധാ)നം.59/2023/സൈ.ക്ഷേ.വ നമ്പർ ഉത്തരവ്
5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ-ന്റെ OA 2221/2023 നമ്പർ കേസിന്റെ 21.03.2024 ലെ ഉത്തരവ്.

**ഉത്തരവ്**

ഇന്ത്യൻ കരസേനയിൽ ജോലി ചെയ്തുവരവേ വാഹനാപടകത്തിൽ മരണപ്പെട്ട പി.എൻ.രാധാകൃഷ്ണന്റെ ഭാര്യ ശ്രീമതി രശ്മി എസ്. തൊഴിൽ സഹായം ലഭിക്കുന്നതിനായി ബഹു.കേരള സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 2221/2023 നമ്പർ കേസിൽ ശ്രീമതി രശ്മി എസി ന്റെ കേസ് പുതുതായി പരിഗണിച്ച് കൊണ്ട് മൂന്ന് മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് രണ്ടാം എതിർകക്ഷിയായ സൈനിക ക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് 21.03.2023 ൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (1) ഉത്തരവ് പ്രകാരം ഓപ്പറേഷണൽ ഏര്യായിലോ ഫീൽഡ് ഏര്യായിലോ വച്ച് ഹൈ ആൾറ്റിറ്റ്യൂഡ് കാരണമോ, മോശമായ കാലാവസ്ഥ മൂലമോ, ഓപ്പറേഷണൽ ഏര്യായിലോ ഫിൽഡ് ഏര്യായിലോ വച്ചുണ്ടാകുന്ന മൈൻ സ്ഫോടനം, കെണി, വാഹനാപകടം മുതലായവയിലോ കൊല്ലപ്പെടുന്ന/കാണാതാകുന്ന/അംഗഭംഗം സംഭവിക്കുന്ന

സൈനികന്റെ ഒരു ആശ്രിതന്/ആശ്രിതയ്ക്ക് സംസ്ഥാന സർക്കാർ വകുപ്പുകളിൽ തൊഴിൽ സഹായത്തിന് അർഹതയുണ്ട്. ശ്രീമതി രശ്മി എസ് ന്റെ ഭർത്താവ് പി എൻ രാധാകൃഷ്ണൻ 16-11-2009 ൽ ഫീൽഡ് ഏരിയയിൽ നിന്നുമുള്ള സേനവ്യൂഹത്തിന്റെ പിന്മാറ്റത്തിന്റെ (de-induction) ഭാഗമായി മടങ്ങവേ ന്യൂ ഡൽഹി അമൃത് സർ ഹൈവേയിൽ ഗുരു ദാസ്പൂർ വച്ചുണ്ടായ വാഹനാപകടത്തിൽ POLY TRAUMA നിമിത്തമാണ് മരണപ്പെട്ടത്. തൊഴിൽ സഹായത്തിനായി സമർപ്പിച്ചിരുന്ന അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന 22-09-2010 ലെ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ അപേക്ഷകയുടെ ഭർത്താവിന്റെ മരണം 'Physical casuality died due to poly trauma resulting in road traffic accident' എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ഓപ്പറേഷണൽ ഏര്യായിലോ ഫീൽഡ് ഏര്യായിലോ വച്ച് ഓപ്പറേഷണൽ എൻഗേജ്മെന്റിന് സമാനമായ സാഹചര്യത്തിലല്ല കാഷ്വാലിറ്റി സംഭവിച്ചത് എന്നതിനാൽ തൊഴിൽസഹായത്തിനുള്ള അപേക്ഷ സൈനിക ക്ഷേമ ഡയറക്ടർ നിരസിച്ചു.

3. തുടർന്ന് 45 Cavalry Regiment Commandant 18-03-2016 ൽ നൽകിയ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റുമായി തൊഴിൽ സഹായത്തിനായി ശ്രീമതി രശ്മി എസ് സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. തൊഴിൽ സഹായം സംബന്ധിച്ച ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള Competent Authority റിക്കാർഡ്സ് ഓഫീസർ ആണെന്നതിനാൽ റജിമെന്റ് കമാഡന്റ് നൽകിയ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തൊഴിൽസഹായത്തിന്റെ അർഹത നിശ്ചയിക്കുവാൻ നിർവാഹമില്ലായെന്നും Competent Authority ആയ റിക്കാർഡ്സ് ഓഫീസർ നൽകിയ 22-09-2010 ലെ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷകയ്ക്ക് തൊഴിൽസഹായത്തിന് അർഹതയില്ലായെന്നും അപേക്ഷകയെ അറിയിച്ചിരുന്നു.

4. അപേക്ഷക തൊഴിൽസഹായത്തിനായി വീണ്ടും സീനിയർ റിക്കാർഡ്സ് ഓഫീസർ നൽകിയ 31-08-2021 ലെ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് ഉൾപ്പെടെ ഡയറക്ടർ സർക്കാരിൽ അപേക്ഷ ലഭ്യമാക്കുകയും ചെയ്തിരുന്നു. പ്രസ്തുത കാഷ്യാലിറ്റി സംഭവിച്ചത് ഓപ്പറേഷണൽ ഏര്യായിലോ/ഫീൽഡ് ഏര്യായിലോ വച്ചാണോ എന്നതിന് "Individual Died due to Poly Trauma resulting Road Traffic Accident which took place while de-Induction from exercise Area (Field Area) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കാഷ്യാലിറ്റി സംഭവിച്ചത് ഓപ്പറേഷണൽ ഏര്യായിലോ/ഫീൽഡ് ഏര്യായിലോ ഹൈ ആൾറ്റിറ്റ്യൂഡ് മരണമോ മോശമായ കാലാവസ്ഥ മൂലമോ മൈൻ സ്ഫോടനം, കെണി, വാഹനാപകടം മുതലായവയിലോ ഓപ്പറേഷണൽ

ഏര്യായിലോ ഫീൽഡ് ഏര്യായിലോ വച്ച് ഓപ്പറേഷണൽ എൻഗേജ്‌മെന്റിന് സമാനമായ Peace time circumstance-ലോ ആകണമെന്നത് തൊഴിൽസഹായം നൽകുന്നതിനുള്ള അടിസ്ഥാന വ്യവസ്ഥയാണ്. ഈ കേസിൽ പ്രസ്തുത വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. 2010-ൽ നൽകിയ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ "Physical Casuality Died due to Poly Trauma in resulting Road Traffic Accident" എന്നാണ് മിലിട്ടറി അധികാരികൾ സാക്ഷ്യപ്പെടുത്തിയിരുന്നത്. 31-08-2021-ലെ സർട്ടിഫിക്കറ്റിൽ കാഷ്വാലിറ്റി ഉണ്ടായ സാഹചര്യം ഒന്നു കൂടി വ്യക്തമാക്കുകയല്ലാതെ പ്രസ്തുത കാഷ്യാലിറ്റി Physical Casuality അല്ല Battle Casuality ആണെന്നോ, ഓപ്പറേഷണൽ ഏര്യായിലോ ഫീൽഡ് ഏര്യായിലോ വച്ച് Operational Engagement ന്റെ ഭാഗമായാണെന്നോ മിലിട്ടറി അധികാരികൾ സാക്ഷ്യപ്പെടുത്തിയിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ തൊഴിൽ സഹായത്തിനുള്ള അപേക്ഷ നിരസിച്ച് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

5. പ്രസ്തുത ഉത്തരവിനെതിരെ അപേക്ഷക വീണ്ടും കോടതിയെ സമീപിക്കുകയും ഒ.എ.നമ്പർ.2221/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി കേസിലെ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) ഉത്തരവിൽ അപേക്ഷയുടെ ഭർത്താവിന്റെ മരണം ഫീൽഡ് ഏരിയയിലാണെന്ന് ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും സൈനികക്ഷേമ വകുപ്പ് ഡയറക്ടർ അപേക്ഷയുടെ തൊഴിൽസഹായ അപേക്ഷ ശിപാർശ ചെയ്തുനൽകിയിട്ടുണ്ടെന്നും പരാമർശിക്കുന്നുണ്ട്. കൂടാതെ ഡിഫൻസ് ഫോഴ്സിൽ സേവനത്തിലിരിക്കുന്നവരുമായി സംസ്ഥാന സർക്കാരിന് തൊഴിലാളി-തൊഴിലുടമ ബന്ധമില്ല എന്ന കാരണത്താൽ ടിയാരിയുടെ അപേക്ഷ പരിഗണിക്കാതിരിക്കുന്നത് ശരിയല്ല എന്നും കോടതി വിലയിരുത്തിയിരുന്നു.

6. ബഹു.കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി രശ്മി എസ് ന്റെ അപേക്ഷയും ആയതിനോടൊപ്പം മിലിട്ടറി അധികാരികൾ 31.08.2021 ന് നൽകിയിട്ടുള്ള ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിന്റേയും അടിസ്ഥാനത്തിൽ ഈ വിഷയം വീണ്ടും വിശദമായി പരിശോധിച്ചു. അപേക്ഷകയുടെ ഭർത്താവിന്റെ മരണം 16.11.2009 ന് സംഭവിച്ചിട്ടുള്ളതാണ്. ടിയാരി തൊഴിൽ സഹായത്തിനായുള്ള അപേക്ഷ ഉചിതമാർഗ്ഗേണ ഭർത്താവ് മരണപ്പെട്ട് 3 വർഷത്തിനുള്ളിൽ തന്നെ 26.02.2011 ൽ സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ ഉണ്ടായ അപാകതനിമിത്തമാണ് ടിയാരിയുടെ അപേക്ഷകൾ നിരസിച്ചിട്ടുള്ളതെന്നും തൊഴിൽ സഹായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പരാമർശം (1)

ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം ബന്ധപ്പെട്ട അധികാരി 31.08.2021 ൽ നൽകിയ (സീനിയർ റെക്കോർഡ്സ് ഓഫീസർ) അപാകതകൾ തിരുത്തിയ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം ടിയാരി അപേക്ഷ പുനസമർപ്പിക്കുകയും പ്രസ്തുത ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ കാഷ്വാലിറ്റി സംഭവിച്ചത് ഓപ്പറേണൽ ഏരിയയിലോ/ഫീൽഡ് ഏരിയയിലോ വച്ചാണോ എന്നതിന് ഫീൽഡ് ഏരിയ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും മരണകാരണം "Individual Died due to Poly Trauma resulting Road Traffic Accident which took place while de-Induction from exercise Area (Field Area) എന്നുമാണ് മിലിട്ടറി അധികാരികൾ രേഖപ്പെടുത്തിയിട്ടുള്ളത് എന്നും വ്യക്തമായിട്ടുണ്ട്. ഡ്യൂട്ടിയിലായിരിക്കെയാണ് ടിയാന്റെ മരണം സംഭവിച്ചിട്ടുള്ളത് എന്നത് പരാമർശം (3) കത്തിൽ നിന്നും വ്യക്തമാകുന്നുമുണ്ട്. കൂടാതെ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ശ്രീമതി രശ്മിയുടെ അപേക്ഷ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുമുണ്ട്.

7. മേൽ സാഹചര്യത്തിൽ കാഷ്വാലിറ്റി സംഭവിച്ചത് ഫീൽഡ് ഏരിയയിൽ വെച്ചാണ് എന്ന് മിലിറ്ററി അധികാരികൾ സാക്ഷ്യപ്പെടുത്തിയത് പരിഗണിച്ചും, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 2221/2023 നമ്പർ കേസിന്മേലുള്ള 21.03.2024 ലെ വിധിന്യായം പരിഗണിച്ചുകൊണ്ടും ഇന്ത്യൻ കരസേനയിൽ ജോലി ചെയ്തുവരവേ ഫീൽഡ് ഏരിയയിൽ നിന്നുമുള്ള സേന വ്യൂഹത്തിന്റെ പിന്മാറ്റത്തിന്റെ (de-induction) ഭാഗമായി മടങ്ങവേ ന്യൂ ഡൽഹി അമൃതസർ ഹൈവേയിൽ ഗുരുദാസ്പൂർ വച്ചുണ്ടായ വാഹനാപകടത്തിൽ POLY TRAUMA നിമിത്തം മരണപ്പെട്ട ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ കുറ്റാനം വില്ലേജിൽ പള്ളിക്കൽ (പി.ഒ), പട്ടിക്കൽ ഹൗസിൽ രാധാകൃഷ്ണൻ പി.എൻ ന്റെ ഭാര്യ ശ്രീമതി രശ്മി എസ് ന് പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലം ജില്ലയിൽ ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് എൽ.ഡി.ക്ലർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡീഷണൽ സെക്രട്ടറി

പകർപ്പ്-

1. ശ്രീമതി രശ്മി എസ്, പട്ടിക്കൽ ഹൗസ്, പള്ളിക്കൽ പി.ഒ, കുറ്റാനം, മാവേലിക്കര, ആലപ്പുഴ-690 518.
2. അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്. തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള, തിരുവനന്തപുരം

5. അക്കൗണ്ടന്റ് ജനറൽ(എ& ഇ),കേരള, തിരുവനന്തപുരം
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
7. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Jenshar B

സെക്ഷൻ ഓഫീസർ

Date: 06-07-2024 10:28:59